സാമൂഹിക ജീവി എന്ന പൊതുവായ പേരിൽ അറിയപ്പെടുമ്പോഴും സ്ത്രീയെന്നും പുരുഷൻ എന്നുമുള്ള വേർതിതിവ് സമൂഹത്തിൽ ശക്തമായി തന്നെ നില നിൽക്കുന്നുണ്ട് എന്നതിന്റെ ദൃഷ്ടാന്തമാണ് സ്ത്രീകൾക്ക് വേണ്ടിയും പുരുഷനു വേണ്ടിയും എന്ന പേരിൽ നിരവധി പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കപ്പെടുന്നത്. എന്നാൽ പ്രത്യേക ആനൂകൂല്യങ്ങളുടെ പിൻബലമില്ലാതെ സ്ത്രീക്കും പുരുഷനും തിരികെ വളരെ പുരാതന കാലത്തെ മാനസിക അവസ്ഥയിലേക്ക് അഥവാ സ്ത്രീക്കും പുരുഷനും തുല്യ അവകാശങ്ങൾ, അവസരങ്ങൾ എന്ന അവസ്ഥയിലേക്ക് എത്തിച്ചേരുന്നത് സ്വപ്നം കാണുവാൻ പഠിപ്പിച്ച ഒരു പരിശീലനമായിരുന്നു കടന്നു പോയത്.

പരിശീലകരായി എത്തിയ ശ്രീമതി മേഴ്സി കാപ്പൻ, ശ്രീമാൻ റോഷൻ എന്നിവർ സ്വതസിദ്ധനായ ലാളിത്യത്തോടും എന്നാൽ കാര്യഗൗരവത്തോടും കൂടി വിഷയങ്ങൾ അവതരിപ്പിച്ചു. ലളിതമായ കളികളിലൂടെയും പ്രശ്നോത്തരികളിലൂടെയും വിഷയത്തെ മനസ്സിൽ ഉറപ്പിക്കുവാൻ അവർക്ക് സാധിച്ചിട്ടുണ്ട് എന്നാണ് എന്റെ വിലയിരുത്തൽ, ജെൻഡർ എന്നത് പദവിയിലൂന്നിയുള്ള വികാരമാണെന്നും എന്നാൽ സെക്സ് എന്നത് ശരീരസംബന്ധമായ പ്രത്യേകതകളുടെ ആകെ തുകയാണെന്നും മറ്റും ഉള്ള വിഷയങ്ങൾ ചെറിയ കളികളിലൂടെ അവതരിപ്പിച്ചു. മാധ്യമങ്ങളിലും പാഠപുസ്തകങ്ങളിലും സമൂഹത്തിലും ജോലിസ്ഥലത്തുമെല്ലാം എന്തെല്ലാം പ്രത്യേകതകളാണ് സ്ത്രീകൾക്ക് ചാർത്തിക്കൊടുക്കുന്നത് എന്നത് വിവിധ ഗ്രൂപ്പുകളിലായി സ്കിറ്റുകളിലൂടെയും കൊളാഷ് നിർമ്മാണത്തിലൂടെയും അവതരിപ്പിച്ചത് കൗതുകം ഉണർത്തി.

കുടുംബശ്രീയിൽ പരിശീലനങ്ങൾ സംഘടിപ്പിക്കുമ്പോൾ അവ സ്ത്രീകളുടെ സ്വതസിദ്ധമായ കഴിവുകളെ പരിപോഷിപ്പിക്കുന്നവയാണോ അതോ കൂടുതൽ അറിവുകൾ അവരിലേക്ക് എത്തിച്ച് വൈവിധ്യമാർന്ന നിറക്കാഴ്ചകൾ അവരുടെ ജീവിതത്തിൽ നിറയ്ക്കുവാൻ ഉതകുന്നതാണോ എന്ന് ഒന്നു കൂടി ചിന്തിക്കുവാൻ ടി പരിശീലനം വേദിയൊരുക്കി. ആദ്യ ദിവസം ഉദ്ഘാടനത്തോടനുബന്ധിച്ച് നടത്തിയ ചിത്രപ്രദർശനം സമൂഹത്തിലെ അധ:കൃത വർഗ്ഗം എന്ന് വിളിക്കപ്പെടുന്നവരുടെ ജീവിതത്തിന്റെ നേർക്കാഴ്ച ആയിരുന്നു. അവരിലെ സ്ത്രീകൾ ജീവിതത്തോടു മല്ലിടുന്നത് ഒരു സാധാരണ കുടുംബത്തിൽ ജനിച്ചു വളർന്ന എനിക്കും പരിചിതം തന്നെ. പരിശീലനം വ്യക്തി ജീവിതത്തിൽ പല മാറ്റങ്ങളും കൊണ്ടുവരുവാൻ പ്രാപ്തിയേകിയതായിരുന്നു. ഉദാഹരണത്തിന് കുട്ടിയെ പഠിപ്പിക്കുന്ന നഴ്സറി പാട്ടുകളിലെ ലിംഗ അസമത്വം, അവളിൽ ഉണ്ടാക്കാൻ സാധ്യതയുള്ള മാനസിക പിരിമുറുക്കങ്ങളെ മുൻകൂട്ടി കണ്ട് തിരുത്തുന്ന

തിന് എന്നെ പ്രചോദിപ്പിക്കുന്നുണ്ട്. അപ്പം ചുടുന്നതിന് അമ്മ മാത്രമല്ല അച്ഛനും കൂടാറുണ്ടെന്ന് ജീവിതത്തിൽ കാണിച്ചു കൊടുക്കാൻ സാധിക്കുന്നത് പോലെ തന്നെ നഴ്സറി പാട്ടുകളിലൂടെ പഠിച്ചാൽ മാത്രമേ പഠനം പൂർണ്ണമാകുകയുള്ളൂ.

## കൂടുതൽ നേട്ടങ്ങൾ

1. വ്യക്തി ജീവിതത്തിലെ കാഴ്ചപ്പാടിൽ വന്ന പ്രകടമായ മാറ്റം
2. ഔദ്യോഗിക രംഗത്ത് തുടർന്ന് നടത്തുന്ന പദ്ധതികളെ പ്രാക്ടിക്കൽ ജെൻഡർ നീഡ്സ് എന്നും സ്ട്രാറ്റജിക്കൽ ജെൻഡർ നീഡ്സ് എന്നും തരംതിരിച്ച് വിശകലനം ചെയ്യാനുള്ള ചിന്ത
3. പല ജില്ലകളിൽ നിന്നും വന്ന പുതിയ ജില്ലാ പ്രോഗ്രാം മാനേജർമാരെ പരിചയപ്പെടുത്തുന്നതിനും അവരുടെ കഴിവുകൾ തിരിച്ചറിയുന്നതിനും സാധിച്ചു.

## ചെറിയ കുറവുകൾ

1. ആദ്യ ദിനത്തിലെ വളരെ നീണ്ട സെഷനുകൾ ചിലപ്പൊഴെങ്കിലും ഉറക്കത്തിലേക്ക് വഴുതി വീഴ്ത്തുന്നതായിരുന്നു.
2. സ്വയം പരിചയപ്പെടുത്തുന്നതോ പരസ്പരം പരിചയപ്പെടുത്തുന്നതോ ആയ മഞ്ഞുരുക്കൽ കളികൾ ഉണ്ടായിരുന്നുവെങ്കിലും കൂടുതൽ ഫലം നൽകിയില്ല.
3. ചിലപ്പോഴെങ്കിലും ആശയങ്ങൾ കുത്തിനിറക്കുന്ന അവസ്ഥയിലേക്ക് ഫാക്കൽറ്റികൾ കടന്നിരുന്നു.
4. ചില ചോദ്യങ്ങൾക്ക് കൃത്യവും വ്യക്തവുമായ മറുപടികൾ തരുവാൻ ഫാക്കൽറ്റികൾക്ക് സാധിച്ചില്ല എന്നത് ആശയക്കുഴപ്പം ഉണ്ടാക്കി.

## നല്ല പ്രതീക്ഷകൾ

കുടുംബശ്രീ സംവിധാനത്തിൽ ഇപ്പോൾ നിലവിലില്ലാത്ത ചില നല്ല പ്രതീക്ഷകളെ കുറിച്ചുള്ള അറിവുകൾ ലഭിച്ചത് വ്യക്തമാക്കിക്കൊള്ളട്ടെ

1. ശമ്പളത്തോടുകൂടിയുള്ള പ്രസവാവധി 6 മാസം ഉണ്ടായിരിക്കണം
2. സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് എല്ലാ ഓഫീസിലും ഉണ്ടാകേണ്ടതായ കമ്മിറ്റി.

മികച്ച സംഘാടനത്തോടു കൂടി നടത്തപ്പെട്ട ടി പരിപാടിക്ക് പിന്നണിയിൽ പ്രവർത്തിച്ച എല്ലാവരെയും അഭിനന്ദിക്കുന്നതോടൊപ്പം തുടർന്നും ഇത്തരത്തിൽ ഉള്ള മികച്ച ശില്പശാലകൾ നടത്തുന്നതിനും എല്ലാ ജില്ലാ പ്രോഗ്രാം

മാനേജർമാർക്കും പങ്കെടുക്കുന്നതിനുള്ള അവസരങ്ങൾ നൽകുമെന്നും കരുതുന്നു. കാരണം അവ പരസ്പരമുള്ള സൗഹൃദം പുതുക്കുന്നതിനും മാനസിക സമ്മർദ്ദങ്ങൾ കുറക്കുന്നതിനും കൂടാതെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വലിയ സംഭാവനകൾ നൽകുന്നതാണ്.

അനൂജ.വി.എസ്
ജില്ലാ പ്രോഗ്രാം മാനേജർ
മൈക്രോ ഫിനാൻസ്
കുടുംബശ്രീ ജില്ലാമിഷൻ
എറണാകുളം

ജെൻഡർ സെൻസിറ്റൈസേഷൻ ട്രെയിനിംഗ് – മറ്റ് പരിശീലന പരിപാടികളിൽ നിന്ന് വളരെ വ്യത്യസ്തമായിരുന്നു. ആശയം കൊണ്ടും അവതരണ രീതി കൊണ്ടും കുടുംബശ്രീയുടെ മറ്റ് പരിശീലന പരിപാടിയിൽ നിന്ന് ഏറെ വ്യത്യസ്തത പുലർത്തി. ചർച്ചകളും റോൾ പ്ലേയുമായി ആശയങ്ങളും ധാരണകളും അവതരിപ്പിക്കുന്നതിനുള്ള വേദി കൂടിയായിരുന്നു പരിശീലനം.

ആശയങ്ങളിൽ വൈവിധ്യം വച്ച് പുലർത്തിയിരുന്നില്ല എന്നുള്ള തോന്നൽ എന്നിൽ ഉളവാക്കി. ജെൻഡർ പാഠ്യപദ്ധതിയിലധിഷ്ഠിതമായ പരിശീലന പരിപാടിയിൽ മറ്റ് ആശയങ്ങൾക്കും അഭിപ്രായങ്ങൾക്കും പ്രസക്തി ഉണ്ടായിരുന്നു. ഇത്തരത്തിലുള്ള പരിശീലന പരിപാടികൾ കുടുംബശ്രീ ഉദ്യോഗസ്ഥരായ ഞങ്ങളിൽ സൗഹൃദം വളർത്തുന്നതിനും തൊഴിൽ മേഖല മെച്ചപ്പെടുത്തുന്നതിനും സഹായിക്കും. ട്രെയിനിംഗ് ഫാക്കൽറ്റികൾ കൂടുതൽ സമയവും ചിലവഴിച്ചത് പരിശീലനാർത്ഥികളുടെ കൂടെത്തന്നെയായിരുന്നു. ട്രെയിനിംഗിന്റെ ഇടവേളകളിലും അവർ ഓരോരുത്തരോടും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ചോദിച്ചിരുന്നു.


രമ്യ.ടി.ആർ
എം.കെ.എസ്.പി ജില്ലാ പ്രോഗ്രാം മാനേജർ
കുടുംബശ്രീ, എറണാകുളം


2017 ഒക്ടോബർ 23,24 തീയതികളിൽ നടന്ന ജെൻഡർ സെൻസിറ്റൈസേഷൻ ക്യാമ്പെയിനിൽ പങ്കെടുക്കുവാൻ എറണാകുളത്തു നിന്നും പലവിധ ആശങ്കകളോടെയാണ് എത്തിച്ചേർന്നത്. കുടുംബശ്രീയിലെ ഒരു തുടക്കക്കാരൻ എന്ന നിലയിൽ ഈ ക്യാമ്പ് എനിക്ക് വേറൊരു അനുഭവമാണ് സമ്മാനിച്ചതെന്ന് പറയാതെ വയ്യ. 'ജെൻഡർ' എന്നുള്ള പദത്തിന് 'സ്ത്രീ' എന്നും, ജെൻഡർ സെൻസിറ്റൈസേഷൻ എന്നത് സ്ത്രീ ശാക്തികരണം മാത്രമാണ് എന്നുമുള്ള എന്റെ മിഥ്യാ ധാരണയെ തിരുത്തിക്കുറിക്കുന്നതായിരുന്നു ഈ ക്യാമ്പ്. ഇതിന്റെ ഭാഗമായി നടന്ന ക്ലാസ്സ്റൂം സെഷനുകളും ആക്ടിവിറ്റികളും ഏറെ വിജ്ഞാനപ്രദവും സരസവുമായിരുന്നു. ട്രെയിനേഴ്സ് ആയ ശ്രീ റോഷനും, ശ്രീമതി മേഴ്സി കാപ്പനും ബാങ്കിംഗ് സ്റ്റൈൽ ഓഫ് എജ്യൂക്കേഷനിൽ നിന്നും വിഭിന്നമായി ഒരു ഇന്ററാക്ടീവ് ട്രെയിനിംഗ് സെഷനായിരുന്നു നേതൃത്വം കൊടുത്ത്. അതിനാൽ തന്നെ എല്ലാവർക്കും സ്വന്തമായി അഭിപ്രായങ്ങൾ പറയുവാനും അതിൽ ഒരു ഗ്രൂപ്പ് ഡിബേറ്റ് നടത്തുവാനും സാധിച്ചു. സ്ത്രീകളുടെ ആരാധനാ സ്വാതന്ത്ര്യത്തെ കുറിച്ച് ഒരു ചൂടേറിയ ചർച്ച തന്നെ നടക്കുകയുണ്ടായി. ആദ്യ ദിവസത്തിന്റെ അവസാനം മികച്ച ചലച്ചിത്രത്തിനുള്ള സംസ്ഥാന സർക്കാരിന്റെ അവാർഡ് നേടിയ മാനുവൽ സ്കാവഞ്ചേഴ്സിന്റെ കഥ ലോകത്തോട് വിളിച്ചു പറഞ്ഞ 'മാൻഹോൾ' എന്ന ചിത്രത്തിന്റെ സംവിധായിക ശ്രീമതി വിധു വിൻസെന്റ് കുടുംബശ്രീ കുടുംബത്തിന്റെ

ആതിഥ്യം സ്വീകരിച്ച് ട്രെയിനിംഗ് സെന്ററിൽ എത്തിയിരുന്നു. അവാർഡ് ജേത്രിയായ സംവിധായികക്കൊപ്പമിരുന്ന് അതേ സിനിമ കാണുന്നത് ഞങ്ങളെ സംബന്ധിച്ചിട ത്തോളം മറക്കാനാവാത്ത അനുഭവമായിരുന്നു.

രണ്ടാംദിനം കൂടുതൽ ഇന്ററാക്ഷൻ സെഷൻസ് ലഭ്യമാക്കാനായിരുന്നു ട്രെയിനേ ഴ്സിന്റെ ശ്രമം. അതിനാൽ തന്നെ സ്ത്രീകൾ അകത്തും പുറത്തും നേരിടുന്ന പ്രദർശന ങ്ങൾ ഒരു റോൾ പ്ലേ ആയി അവതരിപ്പിക്കാൻ ഓരോ ഗ്രൂപ്പും ശ്രമിച്ചു. ഡൊമസ്റ്റിക് വയ ലേഷൻ, പൊതു സ്ഥലത്തെ അശ്ലീല പ്രവർത്തനങ്ങൾ, ബലാൽസംഗ ശ്രമങ്ങൾ ഇവ യെല്ലാം റോൾ പ്ലേയിൽ വിഷയങ്ങളായി. 'ഒരു പെൺകുട്ടിയുടെയും ജീവിതം വാട്ട്സ് അപ്പിലേയോ, ഫേയ്സ് ബുക്കിലേയോ 5 മിനിറ്റ് ദൈർഘ്യമുള്ള വീഡിയോയിൽ ഒടുങ്ങാ നുള്ളതല്ല' എന്നതായിരുന്നു ഞാൻ ഉൾപ്പെട്ട മൂന്നാം ഗ്രൂപ്പിന്റെ റോൾ പ്ലേ സന്ദേശം.

ഈ ട്രെയിനിംഗ് സെഷന്റെ അവസാനം ട്രെയിനേഴ്സും ഞങ്ങളും ഒരുമിച്ചിരുന്ന് അവരവരുടെ ക്യാമ്പിനെപ്പറ്റിയുള്ള വിലയിരുത്തലുകൾ പങ്കു വെയ്ക്കുയും അടുത്ത ദിവസം തന്നെ നടക്കുന്ന മറ്റു ജില്ലകൾക്കുള്ള ട്രെയിനിംഗ് എങ്ങിനെ കൂടുതൽ വിജ്ഞാനപ്രദമാക്കാം എന്നതിനെ കുറിച്ച് അഭിപ്രായങ്ങൾ ആരായുകയും ചെയ്തു.

അജേഷ്.എൻ
ജില്ലാ പ്രോഗ്രാം മാനേജർ
ഡി ഡി യു ജി കെ വൈ
കുടുംബശ്രീ, എറണാകുളം

കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ 2017 ഒക്ടോബർ 23,24 തീയതികളിൽ തിരുവ നന്തപുരത്ത് വച്ച് നടന്ന ജെൻഡർ സെൻസറ്റൈസേഷൻ പ്രോഗ്രാം മറ്റു പരിശീലന പരി പാടികളിൽ നിന്നും വളരെ വ്യത്യസ്തത പുലർത്തി. 7 ജില്ലകളിൽ നിന്നുള്ള കുടുംബശ്രീ മിഷൻ ഉദ്യോഗസ്ഥരാണ് ഇതിൽ പങ്കെടുത്തത്. പരിശീലന പരിപാടിക്ക് നേതൃത്വം

നൽകിയത് ബാംഗ്ലൂർ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന 'വിസ്താർ' എന്ന സംഘടനയിലെ പരിശീലകരായ ശ്രീമതി മേഴ്സി കാപ്പൻ, ശ്രീ റോഷൻ എന്നിവരാണ്. ഇവർ വളരെ ലളിതമായും എന്നാൽ കാര്യഗൗരവത്തോടും കൂടിയാണ് വിഷയങ്ങൾ അവതരിപ്പിച്ചത്.

ലിംഗ സമത്വം എന്നത് പല ആളുകൾക്കും ഉൾക്കൊള്ളാൻ കഴിയാത്ത ഒന്നാണ്. ശാരീരികവും മാനസികവും ബൗദ്ധികവുമായ തലങ്ങളിൽ വ്യത്യസ്തത പുലർത്തുന്ന സ്ത്രീയും പുരുഷനും ഒരു പോലെ പരിഗണിക്കപ്പെടേണ്ടതില്ല എന്ന ശക്തമായ വാദമാണ് കാലാകാലങ്ങളായി സമൂഹം നിരത്തുന്നത്. കുടുംബത്തിന്റെയും കുട്ടികളുടെയും പരിചരണവും ഉന്നമനവും മാത്രമാണ് സ്ത്രീയുടെ ലക്ഷ്യമെന്ന് അവർ പുരുഷന്റെ അധീനതയിൽ നിൽക്കേണ്ടവളാണെന്നുമുള്ള നിലപാടാണ് സമൂഹം സ്വീകരിച്ചിരിക്കുന്നത്. സമൂഹത്തിന്റെ ഇത്തരത്തിലുള്ള നിലപാടുകളിൽ നിന്നുമാണ് ലിംഗ പദവി എന്ന ആശയം ഉരുത്തിരിഞ്ഞത്.

ഉദ്യോഗസ്ഥരും പരിശീലകരും തമ്മിൽ ആശയവിനിമയത്തിനും സംവാദത്തിനും മുൻതൂക്കം നൽകിയായിരുന്നു പരിശീലന പരിപാടി മുന്നോട്ടു പോയത്. സ്ത്രീ, പുരുഷൻ, ഭിന്നലിംഗം, ഹോമോസെക്ഷ്വൽ, ഹെക്ടറോസെക്ഷ്വൽ, സ്ട്രാറ്റജിക് ജെൻഡർ നീഡ്സ് (SGN), പ്രാക്ടിക്കൽ ജെൻഡർ നീഡ്സ് (PGN), സമത്വം, സ്ത്രീ സുരക്ഷ പദവി തുടങ്ങിയ വിവിധ കാര്യങ്ങളെ കുറിച്ചുള്ള വിശദമായ ക്ലാസ്സുകൾ ഉണ്ടായിരുന്നു. വിവിധങ്ങളായ ഗ്രൂപ്പ് ഡിസ്ക്കഷനിലൂടെയും പ്രസന്റേഷനുകളിലൂടെയും സ്കിറ്റുകളിലൂടെയുമാണ് ഓരോ വിഷയങ്ങളും അവതരിപ്പിക്കപ്പെട്ടത്. ആദ്യ ദിവസം വൈകീട്ട് ജെൻഡർ സെൻസിറ്റൈസേഷൻ പ്രോഗ്രാമിന്റെ ഔദ്യോഗിക ഉദ്ഘാടന ചടങ്ങ് നടന്നു. ബഹുമാന്യനായ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ, സംവിധായക വിധു വിൻസെന്റ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. തുടർന്ന് വിധു വിൻസെന്റ് സംവിധാനം ചെയ്ത, സംസ്ഥാന സർക്കാരിന്റെ അവാർഡ് നേടിയ 'മാൻഹോൾ'എന്ന ചിത്രം പ്രദർശിപ്പിച്ചു. സമൂഹത്തിലുള്ള വിവേചനം തുറന്ന് കാട്ടുന്നതും വളരെയധികം ചിന്തിപ്പിക്കുന്നതും മനസ്സിനെ സ്പർശിക്കുന്നതുമായ ഒരു ചിത്രമായിരുന്നു അത്.

രണ്ടാം ദിവസം സ്ത്രീകൾ നേരിടുന്ന വിവേചനം, അതിക്രമങ്ങൾ അവർക്ക് വേണ്ട ശാക്തീകരണം നിയമങ്ങൾ തുടങ്ങിയ വിഷയങ്ങൾ അവതരിപ്പിക്കപ്പെട്ടു. ആശയ സംവാദങ്ങളിലൂടെ ഉത്തരം കണ്ടെത്തി മനസ്സിലാക്കുന്ന തരത്തിലാണ് ഓരോ വിഷയങ്ങളും കടന്നു പോയത്. ചുരുക്കം ചില പോരായ്മകൾ മാറ്റി നിർത്തിയാൽ വളരെ നല്ല ഒരു അനുഭവമായിരുന്നു ഈ പരിശീലന പരിപാടി.

പൊന്നി കണ്ണൻ
ജില്ലാ പ്രോഗ്രാം മാനേജർ
ട്രൈബൽ
കുടുംബശ്രീ, എറണാകുളം

2017 ഒക്ടോബർ 23, 24 തിയതികളിൽ തിരുവനന്തപുരം മരിയാറാണിയിൽ വച്ച് നടന്ന ജെൻഡർ സെൻസിറ്റൈസേഷൻ ശില്പശാല കുടുംബശ്രീയെ സംബന്ധിച്ചിടത്തോളം ചരിത്രപരമായ ഒരു മാറ്റത്തിന് തിരിതെളിച്ചിരിക്കുകയാണ്. ആ തിരിനാളം എണ്ണവറ്റാതെ കാത്തുസൂക്ഷിക്കുക എന്നത് വലിയൊരു ഉത്തരവാദിത്വമായും തീർന്നിരിക്കുന്നു. പ്രവർത്തന ബാഹുല്യം കൊണ്ട് അക്ഷരാർത്ഥത്തിൽ (മിഷൻ) ദൗത്യസംഘമായി ജോലിചെയ്യുന്ന ജില്ലാ പ്രോഗ്രാം മാനേജർമാരെ സംബന്ധിച്ചിടത്തോളം വലിയ

പ്രതീക്ഷകളും പുത്തൻ വഴികളും മുന്നിൽ മലർക്കെ തുറന്നിട്ട രണ്ട് ദിനങ്ങളാണ് കഴിഞ്ഞ് പോയത്.

രണ്ട് പതിറ്റാണ്ടുകൾ കേരളത്തിന്റെ വികസനതേരോട്ടങ്ങളിൽ സ്ത്രീശാക്തീകരണത്തിന്റെ വേറിട്ട മുദ്ര പതിപ്പിച്ച കുടുംബശ്രീ പ്രവർത്തനങ്ങളിലും, സ്ത്രീശാക്തീകരണത്തിന് പ്രത്യേകം ഊന്നൽ നൽകി ആരംഭിച്ച സ്ത്രീപദവി സ്വയംപഠന പദ്ധതി പ്രവർത്തനങ്ങളിലും ഒരു 'ന്യൂട്ടൺ രണ്ടാം ചലന സിദ്ധാന്ത'മായി മാറിയിരിക്കുകയാണ് ലിംഗപദവി ആശയസമ്പുഷ്ടീകരണ ശില്പശാല.

പൊതുവിൽ ലിംഗപദവി ആശയങ്ങൾക്കും പ്രവർത്തനങ്ങൾക്കും ലഭിക്കുന്ന സ്വീകാര്യതയും പ്രോത്സാഹനവും വളരെ കുറവാണ്. പലപ്പോഴും ഇത്തരം ആശങ്ങളെ പരിഹസിക്കുന്ന അനുഭവങ്ങളും ഉണ്ടായിട്ടുണ്ട്. എന്നാൽ ഒരു പരിശീലനത്തിൽ പങ്കെടുത്ത എല്ലാവരും സമാനസ്വഭാവത്തോടെ പ്രതികരിക്കുന്ന ഒരവസരം കുടുംബശ്രീയിൽ തന്നെ ഇതാദ്യമായിട്ടാണെന്നു പറയാൻ ആഗ്രഹിക്കുകയാണ്. കുടുംബശ്രീയിൽ, പരിശീലനങ്ങൾ വളരെ പ്രധാനപ്പെട്ട ഒരു  മേഖലയാണ്. അവിടെയാണ് പരിശീലനങ്ങളുടെ നടപ്പ് സമവാക്യങ്ങളെ തിരുത്തിക്കുറിച്ചുകൊണ്ട് നടക്കുന്ന ഈ പരിശീലനത്തിന്റെ പ്രസക്തി.

കുടുംബശ്രീ പ്രവർത്തനങ്ങൾ ദേശഭേദങ്ങളില്ലാതെ അംഗീകരിക്കപ്പെടുമ്പോഴും പലതരത്തിലുമുള്ള പ്രശ്നങ്ങളും ഉയർന്നു വരുന്നതും നമുക്ക് കാണാനാകും. അത്തരം പ്രശ്നങ്ങളുടെ കാരണങ്ങളന്വേഷിക്കുന്നവർക്ക് നല്ലൊരു പഠനകളരിയായിരുന്നു ഈ പരിശീലനം. സംഘാടനം കൊണ്ടും സമയനിഷ്ഠ കൊണ്ടും വളരെ വ്യത്യസ്തത പുലർത്തിയ ഒരു അനുഭവമായിരുന്നു ഈ പരിശീലനം. പരിശീലകരായ ശ്രീ റോഷൻ ചന്ദ്രനും, ശ്രീമതി മേഴ്സി കാപ്പനും മികച്ച പരീക്ഷണമായിരുന്നു.

ഇത് പ്രതീക്ഷയും പ്രോത്സാഹനവുമാണ്, മാറ്റവും മാതൃകയുമാണ്, ഉചിതവും ഉദ്ബോധനവുമാണ്, അനിവാര്യവും അനുകരണീയവുമാണ്.

ഷൈൻ റ്റി. മണി

ജില്ലാ പ്രോഗ്രാം മാനേജർ (ജെൻഡർ), എറണാകുളം